50476

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമബോർഡ് - രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി വെൽഫെയർ ബോർഡിൽ പുതിയതായി ചേരുന്നവർക്ക് 2012 നവംബർ 30 വരെ കുടിശ്ശിക ഒഴിവാക്കി അംഗത്വം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (സി) വകുപ്പ്

സ.ഉ (സാധാ.)നം.560/2012/സഹ തിരുവനന്തപുരം, തീയതി. 12.10.2012.

---

പരാമർശം:- 1. സ.ഉ.(സാധാ) നമ്പർ 335/2012/സഹ തീയതി 19.06.2012.

2. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡിന്റെ 2012 ജൂലൈ 24 ലെ 6 (VIII) നമ്പർ തീരുമാനം.

3 സഹകരണ സംഘം രജിസ്ട്രാർ നൽകിയ 13.09.2012 ലെ ഇ.എം(5) 43102/ 2012. നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമബോർഡിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സ്ഥാപനങ്ങൾ എന്നിവയിലെ മുഴുവൻ ജീവനക്കാരെയും അംഗങ്ങൾ ആക്കണമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് കുടിശ്ശിക ഒഴിവാക്കി അംഗത്വം നൽകുന്നതിന് 31.07.2012 വരെ സമയം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സമയപരിധിക്കുള്ളിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനായി വിഭാവനം ചെയ്ത മെമ്പർഷിപ്പ് ക്യാമ്പയിൻ പൂർണ്ണമായും നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ വെൽഫെയർ ബോർഡിൽ അംഗത്വം നൽകുന്നതിനുള്ള സമയപരിധി 30.11.2012 വരെ ദീർഘിപ്പിക്കുന്നതിന് ബോർഡ് ഭരണ സമിതി പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊണ്ട് അപേക്ഷിച്ചിരിക്കുന്നു.

2. കൂടുതൽ അംഗങ്ങളെ ക്ഷേമ ബോർഡിൽ ചേർക്കുന്നതിലേക്കായി കുടിശ്ശിക ഇല്ലാതെ ബോർഡിൽ അംഗങ്ങളാകുന്നതിന് 30.11.2012. വരെസമയം അനുവദിക്കണമെന്ന ബോർഡ് തീരുമാനം പരിഗണിക്കാവുന്നതാണെന്ന പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ വെൽഫെയർ ബോർഡിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സ്ഥാപനങ്ങൾ എന്നിവയിലെ മുഴുവൻ ജീവനക്കാരെയും അംഗങ്ങൾ ആക്കണമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് കുടിശ്ശിക ഒഴിവാക്കി അംഗത്വം നൽകുന്നതിന് 30.11.2012 വരെ സമയം അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ഡോ . വി. എം. ഗോ പാ ലമേ നോ ൻ
ഗവൺമെന്റ് സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം. (എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകുന്നതിലേയ്ക്കായി)

അഡീഷണൽ രജിസ്ട്രാർ/ സെക്രട്ടറി ട്രഷർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, ഓവർബ്രിഡ്ജ്, തിരുവനന്തപുരം,

കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം